## റിട്ടയർമെന്റ് സേവിംഗ്സ് ഗൈഡ്

### 60 വയസ്സിലെ കോർപ്പസ് സമ്പാദ്യം (ആയിരം രൂപയ്ക്ക്)

പെൻഷൻ കോർപ്പസ്

| Age | 6% | 8% | 10% | 12% |
|---|---|---|---|---|
| 18 | 2,270,160 | 4,120,494 | 7,744,296 | 14,965,113 |
| 19 | 2,126,657 | 3,793,210 | 6,998,859 | 13,269,523 |
| 20 | 1,991,491 | 3,491,008 | 6,324,080 | 11,764,773 |
| 21 | 1,864,177 | 3,221,966 | 5,713,261 | 10,429,383 |
| 22 | 1,744,259 | 2,954,310 | 5,160,340 | 9,244,293 |
| 23 | 1,631,308 | 2,716,400 | 4,659,830 | 8,192,586 |
| 24 | 1,524,919 | 2,496,724 | 4,206,761 | 7,259,249 |
| 25 | 1,424,710 | 2,293,882 | 3,796,638 | 6,430,959 |
| 26 | 1,330,323 | 2,106,587 | 3,425,389 | 5,695,895 |
| 27 | 1,241,420 | 1,933,645 | 3,089,331 | 5,043,562 |
| 28 | 1,157,681 | 1,773,958 | 2,785,126 | 4,464,651 |
| 29 | 1,078,807 | 1,626,508 | 2,509,756 | 3,950,896 |
| 30 | 1,004,515 | 1,490,359 | 2,260,488 | 3,494,964 |
| 31 | 934,539 | 1,364,645 | 2,034,847 | 3,090,348 |
| 32 | 868,628 | 1,248,565 | 1,830,595 | 2,731,272 |
| 33 | 806,547 | 1,141,381 | 1,645,702 | 2,412,610 |
| 34 | 748,072 | 1,042,411 | 1,478,336 | 2,129,814 |
| 35 | 692,994 | 951,026 | 1,326,833 | 1,878,847 |
| 36 | 641,116 | 866,645 | 1,189,692 | 1,656,126 |
| 37 | 592,251 | 788,731 | 1,065,549 | 1,458,473 |
| 38 | 546,226 | 716,788 | 953,174 | 1,283,065 |
| 39 | 502,874 | 650,359 | 851,450 | 1,127,400 |
| 40 | 462,041 | 589,020 | 759,369 | 989,255 |
| 41 | 423,580 | 532,383 | 676,016 | 866,659 |
| 42 | 387,353 | 480,086 | 600,563 | 757,861 |
| 43 | 353,231 | 431,797 | 532,263 | 661,308 |
| 44 | 321,091 | 387,209 | 470,436 | 575,622 |
| 45 | 290,819 | 346,038 | 414,470 | 499,580 |
| 46 | 262,305 | 308,023 | 363,809 | 432,097 |
| 47 | 235,447 | 272,920 | 317,950 | 372,209 |
| 48 | 210,150 | 240,508 | 276,438 | 319,062 |
| 49 | 186,323 | 210,580 | 238,860 | 271,896 |
| 50 | 163,879 | 182,946 | 204,845 | 230,039 |
| 51 | 142,740 | 157,430 | 174,054 | 192,893 |
| 52 | 122,829 | 133,869 | 146,181 | 159,927 |
| 53 | 104,074 | 112,113 | 120,950 | 130,672 |
| 54 | 86,409 | 92,025 | 98,111 | 104,710 |
| 55 | 69,770 | 73,477 | 77,437 | 81,670 |

പട്ടികയിലെ കോർപ്പസ് പ്രതിമാസം 1000 രൂപ നിക്ഷേപിക്കുന്നു എന്ന അടിസ്ഥാനത്തിലാണ്. 2000 രൂപയാണ് നിക്ഷേപിക്കുന്നതെങ്കിൽ പട്ടികയിലെ സംഖ്യകൾ ഇരട്ടിയാക്കി കണക്കാക്കുക.

പട്ടികയിലെ കോർപ്പസിനെ അടിസ്ഥാനമാക്കിയാണ് പ്രതിമാസ പെൻഷൻ കണക്കാക്കിയിരിക്കുന്നത്. പെൻഷൻ 60 വയസ്സ് മുതൽ ആരംഭിക്കുന്നതാണ്.

## നാഷണൽ പെൻഷൻ സിസ്റ്റം (NPS)

### കോർപ്പസ് അനുസരിച്ചുള്ള പ്രതിമാസ പെൻഷൻ

പ്രതിമാസ പെൻഷൻ

| Age | 6% | 8% | 10% | 12% |
|---|---|---|---|---|
| 18 | 13,451 | 24,414 | 45,885 | 88,668 |
| 19 | 12,600 | 22,475 | 41,468 | 78,622 |
| 20 | 11,800 | 20,684 | 37,470 | 69,706 |
| 21 | 11,045 | 19,031 | 33,851 | 61,794 |
| 22 | 10,335 | 17,504 | 30,575 | 54,772 |
| 23 | 9,666 | 16,095 | 27,609 | 48,541 |
| 24 | 9,035 | 14,793 | 24,925 | 43,011 |
| 25 | 8,441 | 13,591 | 22,495 | 38,103 |
| 26 | 7,882 | 12,482 | 20,295 | 33,748 |
| 27 | 7,355 | 11,457 | 18,304 | 29,883 |
| 28 | 6,859 | 10,511 | 16,502 | 26,453 |
| 29 | 6,392 | 9,637 | 14,870 | 23,409 |
| 30 | 5,952 | 8,830 | 13,393 | 20,708 |
| 31 | 5,537 | 8,086 | 12,056 | 18,310 |
| 32 | 5,147 | 7,398 | 10,846 | 16,183 |
| 33 | 4,779 | 6,763 | 9,751 | 14,295 |
| 34 | 4,432 | 6,176 | 8,759 | 12,619 |
| 35 | 4,106 | 5,635 | 7,861 | 11,132 |
| 36 | 3,799 | 5,135 | 7,049 | 9,813 |
| 37 | 3,509 | 4,673 | 6,313 | 8,641 |
| 38 | 3,236 | 4,247 | 5,648 | 7,602 |
| 39 | 2,980 | 3,853 | 5,045 | 6,680 |
| 40 | 2,738 | 3,490 | 4,499 | 5,861 |
| 41 | 2,510 | 3,154 | 4,005 | 5,135 |
| 42 | 2,295 | 2,845 | 3,558 | 4,490 |
| 43 | 2,093 | 2,558 | 3,154 | 3,918 |
| 44 | 1,902 | 2,294 | 2,787 | 3,411 |
| 45 | 1,723 | 2,050 | 2,456 | 2,960 |
| 46 | 1,554 | 1,825 | 2,156 | 2,560 |
| 47 | 1,395 | 1,617 | 1,884 | 2,205 |
| 48 | 1,245 | 1,425 | 1,638 | 1,890 |
| 49 | 1,104 | 1,248 | 1,415 | 1,611 |
| 50 | 971 | 1,084 | 1,214 | 1,363 |
| 51 | 846 | 933 | 1,031 | 1,143 |
| 52 | 728 | 793 | 866 | 948 |
| 53 | 617 | 664 | 717 | 774 |
| 54 | 512 | 545 | 581 | 620 |
| 55 | 413 | 435 | 459 | 484 |

100000 രൂപയ്ക്ക് പ്രതിവർഷം ലഭിക്കുന്ന സംഖ്യ 7110 രൂപ എന്ന് കണക്കാക്കിയാണ് പട്ടികയിലെ പെൻഷൻ അടയാളപ്പെടുത്തിയിരിക്കുന്നത്. ഉപഭോക്താവിന്റെ മരണാനന്തരം കോർപ്പസ് തിരിച്ചുനൽകുന്നതാണ്.

ഈ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന സംഖ്യകൾ നിങ്ങൾക്കു ലഭിക്കാവുന്ന യഥാർത്ഥ പെൻഷൻ തുകയല്ല മറിച്ച് ഉദാഹരണങ്ങൾ മാത്രമാണ്. യഥാർത്ഥ പെൻഷൻ തുക ഇതിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഈ പട്ടികയിലെ സംഖ്യകളിൽ ഫീസ്, ചാർജ്ജുകൾ മുതലായവ ഉൾപ്പെടുത്തിയിട്ടില്ല.

सत्यमेव जयते

Pension Fund Regulatory and Development Authority

## നാഷണൽ പെൻഷൻ സിസ്റ്റം

# NPS

### പെൻഷനല്ല ഇത് പ്രാണനാണ്

എൻപിഎസ് അക്കൗണ്ട് സേവനം ലഭ്യമാക്കുന്നതിനുവേണ്ടി പിഎഫ്ആർഡിഎ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖകളെ സേവന കേന്ദ്രങ്ങളായി (POP) നിയമിച്ചിരിക്കുകയാണ്.

SOUTH INDIAN Bank

Experience Next Generation Banking

**Point of Presence:**
The South Indian Bank Ltd.
NPS Cell, HO Marketing Department
Market Road, Ernakulam - 682 035
Phone No: 91 7736475488
Toll Free No: 1800 843 1800
Visit us at: www.southindianbank.com

## എന്താണ് എൻപിഎസ്?

എൻപിഎസ് അനായാസവും നിയന്ത്രിതവും ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്നതും മാറ്റങ്ങൾ വരുത്താവുന്നതുമായ വലിയ നേട്ടങ്ങൾ തരുന്ന ഒരു ക്രമീകൃതമായ നിക്ഷേപ പദ്ധതിയാണ്.

നാഷണൽ പെൻഷൻ സിസ്റ്റം എന്നറിയപ്പെടുന്ന എൻപിഎസ് ഉദ്യോഗത്തിലേർപ്പെട്ടിരിക്കുന്ന സമയത്ത് ചെറിയ തുകകൾ നിക്ഷേപിച്ച് വിരമിക്കുന്ന സമയത്ത് പിൻവലിക്കാവുന്നതുമായ മികച്ച പെൻഷൻ പദ്ധതിയാണ്. മേയ് 1,2009 വരെ കേന്ദ്ര സർക്കാർ ജീവനക്കാരെ മാത്രം ഉൾക്കൊള്ളിച്ചുള്ള പദ്ധതിയായിരുന്നു ഇത്. എന്നാൽ നിലവിൽ ഈ പദ്ധതി എല്ലാ ഇന്ത്യൻ പൗരൻമാർക്കും, പ്രവാസികളുൾപ്പടെ ഏവർക്കും ലഭ്യമാണ്. പെൻഷൻ അക്കൗണ്ട് തുറക്കുന്നതിനും തുടർതവണകൾ അടയ്ക്കുന്നതിനും പിഎഫ്ആർഡിഎ സൗത്ത് ഇന്ത്യൻ ബാങ്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻ പൗരൻമാർക്ക് വാർദ്ധക്യകാലത്ത് സാമ്പത്തികസുരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി പ്രവർത്തിക്കാൻ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മിനിസ്ട്രി ഓഫ് ഫിനാൻസ് ആരംഭിച്ചതാണ് പിഎഫ്ആർഡിഎ. എൻപിഎസ് ന്റെ ഭാഗമാകാൻ താൽപ്പര്യമുള്ള എല്ലാ ഇന്ത്യൻ പൗരൻമാർക്കും, അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കുൾപ്പടെ അത് ലഭ്യമാക്കുവാൻ ഗവൺമെന്റ് പിഎഫ്ആർഡിഎ-യെ ചുമതലപ്പെടുത്തിയിരിക്കുന്നു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖകൾ ഉപഭോക്തൃ സേവനകേന്ദ്രമായതിനാൽ നിങ്ങൾക്ക് ബാങ്കിനെ സമീപിക്കാവുന്നതും പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ എടുത്ത് തുടർ തവണകൾ അടയ്ക്കാവുന്നതുമാണ്.

## എൻപിഎസ്–ൽ ചേരുന്നതിലൂടെ കൈവരിക്കുന്ന നേട്ടങ്ങൾ:

- എൻ.പി.എസ് 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേയുള്ള എല്ലാ പൗരന്മാരേയും ഉദ്ദേശിച്ചുള്ളതാണ്.
- ഏതൊരു ഇന്ത്യൻ പൗരനും ഇഷ്ടാനുസരണം ചേരാവുന്നതാണ്.
- നിക്ഷേപ പദ്ധതിയും പെൻഷൻ ഫണ്ട് മാനേജരേയും സ്വയം തിരഞ്ഞെടുക്കുവാനുള്ള സൗകര്യം ലഭ്യമാണ്.
- എൻപിഎസ് അക്കൗണ്ട് രാജ്യത്തെവിടെനിന്നും പ്രവർത്തിപ്പിക്കാവുന്നതാണ്.അതായത് ജോലി, സ്ഥലം മാറ്റം, അക്കൗണ്ട് മാനേജരുടെ മാറ്റം എന്നിവ അക്കൗണ്ടിനെ ബാധിക്കുന്നതല്ല.
- പിഎഫ്ആർഡിഎ-യുടെ കീഴിലാണ് എൻപിഎസ് പ്രവർത്തിക്കുന്നത്. സുതാര്യമായ നിയമങ്ങൾ കൂടാതെ നിക്ഷേപത്തിന്റേയും ഫണ്ട് മാനേജരുടേയും പ്രവർത്തനങ്ങൾ എൻപിഎസ് ട്രസ്റ്റിന്റെ നിരന്തരമായ നിരീക്ഷണത്തിന് വിധേയമാണ്.

## എപ്പോഴാണ് ഉപഭോക്താവിന് തുക പിൻവലിക്കാനാകുന്നത്?

**മാനദണ്ഡങ്ങളും നേട്ടങ്ങളും:**

**60 വയസ്സിനു മുൻപ്**

പെൻഷൻ സമ്പാദ്യത്തിലെ കുറഞ്ഞത് 80% തുകക്ക് ഐആർഡിഎ-യുടെ കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലുമൊരു ലൈഫ് ഇൻഷുറൻസ് കമ്പനിയിൽ നിന്ന് ലൈഫ് ആനുവിറ്റി വാങ്ങേണ്ടതുണ്ട്. ബാക്കി 20% തുകയും മുഴുവനായി പിൻവലിക്കാവുന്നതാണ്.

**60 വയസ്സിന് ശേഷം**

പദ്ധതിയുടെ അവസാനത്തിൽ കുറഞ്ഞത് 40% പെൻഷൻ തുകയ്ക്ക് ഐആർഡിഎ-യുടെ കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലുമൊരു ലൈഫ് ഇൻഷുറൻസ് കമ്പനിയിൽ നിന്ന് ലൈഫ് ആനുവിറ്റി വാങ്ങേണ്ടതുണ്ട്.

40%-ൽ കൂടുതൽ തുക ലൈഫ് ആനുവിറ്റിയിൽ നിക്ഷേപിക്കുവാനുള്ള സൗകര്യവും ഉപഭോക്താവിന് ലഭ്യമാണ്. ബാക്കി തുക 60 വയസ്സ് തികയുമ്പോൾ മുഴുവനായും അല്ലെങ്കിൽ 60 വയസ്സ് മുതൽ 70 വയസ്സ് വരെ ഗഡുക്കളായും ഉപഭോക്താവിന്റെ ഇഷ്ടാനുസരണം പിൻവലിക്കാവുന്നതാണ്.

**മരണം സംഭവിച്ചാൽ**

ഉപഭോക്താവ് മരണമടഞ്ഞാൽ 100% പെൻഷൻ തുകയും നോമിനിക്ക് ലഭിക്കുന്നതാണ്. അഥവാ നോമിനിക്ക് പദ്ധതിയിൽ തുടരണമെങ്കിൽ, കെവൈസി-യുടെ നടപടികൾ പിൻതുടർന്ന് സ്വന്തം പേരിൽ എൻപിഎസ് തുടരുവാനുള്ള സംവിധാനവുമുണ്ട്.

## എൻപിഎസ് ഒറ്റനോട്ടത്തിൽ

| വിവരണം | എൻപിഎസ് | |
|---|---|---|
| | ടയർ 1 | ടയർ 2 |
| പദ്ധതിയിൽ ചേരുന്നതിനുള്ള വയസ്സ് | 18-60 | 18-60 |
| കുറഞ്ഞ നിക്ഷേപം | 500/- | 1000/- |
| പ്രതിവർഷ നിക്ഷേപം (കുറഞ്ഞത്) | 6000/- | 250/- |
| കുറഞ്ഞ അക്കൗണ്ട് ബാലൻസ് | ഇല്ല | 2000 രൂപ മൂല്യമുള്ള യൂണിറ്റുകൾ |
| NSDL-ലേയ്ക്ക് AMC (പ്രതിവർഷം) | 225/- | ഇല്ല |
| ഫണ്ട് നടത്തിപ്പ് ഫീസ്# | പരമാവധി 0.25% | പരമാവധി 0.25% |
| ഓരോ നിക്ഷേപത്തിന്റേയും ചാർജ്ജ് | നിക്ഷേപത്തിന്റെ 0.25% അല്ലെങ്കിൽ കുറഞ്ഞത് 20 രൂപ** + സേവന നികുതി | നിക്ഷേപത്തിന്റെ 0.25% അല്ലെങ്കിൽ കുറഞ്ഞത് 20 രൂപ** + സേവന നികുതി |

**ടയർ 2 അക്കൗണ്ട് തുറക്കുന്നതിന് ടയർ 1 അക്കൗണ്ട് ആവശ്യമാണ്.*
***പുതിയ അക്കൗണ്ട് തുറക്കുന്നതിനുള്ള ചാർജ്ജ് – 100 രൂപ+സേവന നികുതി.*
*#1–11–2012 മുതൽ പ്രാബല്യത്തിൽ.*

## ഉപഭോക്താവിന് ലഭ്യമായ നിക്ഷേപ സാദ്ധ്യതകൾ

**അസറ്റ് ക്ലാസ് E**
പദ്ധതിയിലെ ഭൂരിഭാഗം തുകയും ഇക്വിറ്റി മാർക്കറ്റ് ഇൻസ്ട്രമെന്റ്സിൽ നിക്ഷേപിക്കുന്നു.

**അസറ്റ് ക്ലാസ് C**
ഗവൺമെന്റ് സെക്യൂരിറ്റീസ് ഒഴികെയുള്ള സ്ഥിരനിക്ഷേപങ്ങളിൽ നിക്ഷേപിക്കുന്നു.

**അസറ്റ് ക്ലാസ് G**
ഗവൺമെന്റ്സെക്യൂരിറ്റീസിൽ മാത്രം നിക്ഷേപിക്കുന്നു.

നിങ്ങളുടെ മുഴുവൻ പെൻഷൻ തുകയും C അല്ലെങ്കിൽ G ക്ലാസുകളിലും, 50% വരെ അസറ്റ് ക്ലാസ് E-യിലും നിക്ഷേപിക്കാവുന്നതാണ്. നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കുവാനായി E, C, G ക്ലാസുകളിലായി തുക ഭാഗിക്കാവുന്നതുമാണ്.

പിഎഫ്ആർഡിഎ നിർദ്ദേശിച്ചിട്ടുള്ള ആറ് പെൻഷൻ ഫണ്ട് മാനേജരിൽ നിന്ന് ഉപഭോക്താവ് തങ്ങളുടെ പെൻഷൻ ഫണ്ട് തിരഞ്ഞെടുക്കേണ്ടതാണ്.

## എൻപിഎസ് നിക്ഷേപത്തിന്റെ രണ്ട് രീതികൾ:

**ആക്ടീവ് ചോയ്സ്** – പെൻഷൻ തുകയുടെ എത്ര ശതമാനം E,C& G ക്ലാസുകളിൽ നിക്ഷേപിക്കണമെന്ന് ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന രീതി.

**ഓട്ടോ ചോയ്സ്** – മാർക്കറ്റിനെക്കുറിച്ച് പ്രായോഗിക പരിജ്ഞാനമില്ലാത്തവർക്ക് സഹായകരമാണ് ഈ രീതി. ഇതിൽ ഉപഭോക്താവിന്റെ പ്രായം അനുസരിച്ച് E, C & G ക്ലാസുകളിൽ നിക്ഷേപിക്കുന്നതാണ്.

## സ്വാവലമ്പൻ പദ്ധതി

ഗവൺമെന്റ് ഓഫ് ഇന്ത്യ ഇൻഫർമേഷൻ ബ്യൂറോ പ്രകാരം 2012-2013ൽ പദ്ധതിയിൽ ചേരുന്ന എല്ലാ അംഗങ്ങൾക്കും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പക്കൽ നിന്ന് അടുത്ത അഞ്ച് വർഷത്തേക്ക് 1000 രൂപ സഹായധനമായി നേടാൻ അർഹതയുണ്ട്.

പ്രതിവർഷം കുറഞ്ഞത് 1000 രൂപ മുതൽ 12000 രൂപ വരെ നിക്ഷേപിക്കുന്നവർക്ക് മാത്രമാണ് ഈ പദ്ധതി ലഭ്യമാകുക.

ഈ പദ്ധതി പ്രകാരം എല്ലാ അംഗങ്ങൾക്കും പദ്ധതിയിൽ നിന്ന് പിൻവാങ്ങാൻ പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതായത് 60 വയസ്സിന് പകരം 50 വയസ്സ് തികയുമ്പോൾ അല്ലെങ്കിൽ 20 വർഷം പൂർത്തിയാക്കുമ്പോൾ (ഏതാണോ അവസാനം വരുന്നത്) പദ്ധതിയിൽ നിന്ന് പിൻവാങ്ങാവുന്നതാണ്.

ഇൻകം ടാക്സ് ആക്ട് 1961 പ്രകാരം നികുതിയിളവ് ലഭ്യമാണ്.